# പതിനാലാം കേരള നിയമസഭ
# പതിനാലാംസമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 646** **29/01/2019-ൽ മറുപടിയ്ക്ക്**

## സഹകരണ റിസ്ക് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സജി ചെറിയാൻ | | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | സഹകരണ റിസ്ക് ഫണ്ടിൽ പെടുത്തി വായ്പാ ആശ്വാസം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെങ്ങന്നൂർ നിയോജക മണ്ഡല ത്തിൽ നിന്നും ഇത്തരത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളിൽ വേഗം തീർപ്പ കൽപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങൾ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളതും അർഹതയില്ലാത്തതും, ന്യൂനത ഉള്ളതുമായ ധാരാളം അപേക്ഷകൾ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി ലഭ്യമാകുന്നുണ്ട്. ഇതുമൂലം യഥാർത്ഥത്തിൽ ആനുകൂല്യം ലഭിക്കേണ്ട അപേക്ഷകൾ തീർപ്പ് കൽപ്പിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. അർഹതയില്ലാത്തതും ന്യൂനതകൾ ഉള്ളതുമായ ധാരാളം അപേക്ഷകൾ വരുന്നതുകൂടി പരിശോധിച്ച് ബന്ധപ്പെട്ട സംഘങ്ങളെ രേഖാമൂലം അറിയിക്കുന്നതിനും ന്യൂനത പരിഹരിച്ച് വാങ്ങുന്നതിനും കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും അർഹതയുള്ളവരുടെ അപേക്ഷകൾ അടിയന്തിര പ്രാധാന്യത്തോടെ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ